

# സ്ലീവാനാദം

## പാരിഷ് ബുള്ളറ്റിൻ


മാർ സ്ലീവാ ഫൊറോന പള്ളി

മഞ്ഞപ്ര, ഫോൺ : 9495072573

2021

ഒക്ടോബർ – ഡിസംബർ

വാല്യം 4 ലക്കം 26




താളുകൾ മറിക്കുമ്പോൾ


ഇടയമൊഴി .......................................... 2

എഡിറ്റോറിയൽ .................................... 5

ജീവിതത്തിൽ തോൽക്കാതിരിക്കാൻ .......... 9

ചെറിയ വലിയ കാര്യങ്ങൾ ....................... 11

ജപമാല പ്രാർത്ഥനയുടെ ശക്തി ............. 13

യഥാർത്ഥ നായകൻ .............................. 15

ഓർമ്മയിൽ കുറിക്കാൻ .......................... 18

തിരിഞ്ഞുനോക്കുമ്പോൾ ........................ 19

നിയമവീഥി .......................................... 21

അമ്മ മറിയാമ്മ ..................................... 23

ബൈബിൾ ക്വിസ് ................................. 24

വിശ്വാസപരിശീലന വർത്തകൾ ............... 25

ജപമാലാചരണം ................................... 28

വിവാഹവേദിയിലേക്ക് ............................ 30

നിറംകൊടുക്കുക ................................. 32



Editorial Board

● രക്ഷാധികാരി

റവ. ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ 9895711826

● എഡിറ്റർ

റവ. ഫാ. മാത്യു വാരിക്കാട്ടുപാടം 8157980489

● അസോസിയേറ്റ് എഡിറ്റർ

ശ്രീ. ജോയ് കല്ലൂക്കാരൻ

● പത്രാധിപസമിതി

സി. മേരി ഏയ്ഞ്ചൽ cmc

ശ്രീമതി വൃന്ദ ജോസൻ 9497277788

ശ്രീമതി ബിന്ദു ജോമോൻ 8301064330

ശ്രീ. ജോയ് പയ്യപ്പിള്ളി 9497704182

ശ്രീ. ഗോഡ്വിൻ വർഗ്ഗീസ് 9539217119

ശ്രീ. ഡെന്നി നെറ്റിക്കാടൻ 8547783793

ശ്രീ. ജിത്തു പോൾ 8086187771

● ഉപദേശകസമിതി

ശ്രീ. പാപ്പച്ചൻ തോപ്പിലാൻ 8943369743

ശ്രീ. ഔസേപ്പച്ചൻ കരിങ്ങേൻ 8086186841

ശ്രീ. സജി കല്ലറയ്ക്കൽ 9947144439

● ട്രഷറർ

ശ്രീ. ബാബു കോളാട്ടുകുടി 9447184024



Designing & Printing : Madonna, Thuravoor

Ph : 2980701(O), 9447159638 (M), E-mail : madonnaprint@gmail.com



## ഇടയമൊഴി

# നമുക്ക് പ്രത്യാശയിൽ ജീവിക്കാം.



**കോ**വിഡ് 19 മനുഷ്യകുലത്തിന് നൽകിയ നഷ്ടം എല്ലാ വിധത്തിലും നമ്മെ ഭയപ്പെടുത്തിയിട്ടുണ്ട്. എങ്കിലും നമുക്ക് ജാഗ്രതയോടെ മുന്നേറുവാൻ ശ്രമിക്കാം. കോവിഡ് വാക്സിൻ എടുത്ത് സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് നമുക്ക് മുന്നേറാം. മനുഷ്യന്റെ ശാരീരികവും മാനസീകവും ആദ്ധ്യാത്മീകവും ഭൗതീകവുമായ സുസ്ഥിതിയ്ക്ക് വേണ്ടി ഒരുമിച്ച് പ്രാർത്ഥിക്കാം പരിശ്രമിക്കാം.

2021 ലെ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലുള്ള പ്രവർത്തന രൂപരേഖയുമായി നമ്മുടെ ഇടവക ബുള്ളറ്റിൻ നാം പ്രസദ്ധീകരിക്കുകയാണല്ലോ. ഇതിനായി സഹകരിക്കുന്ന എല്ലാവർക്കും നന്ദി പറയുന്നു. ഒരു വർഷം കൂടി കടന്നുപോകുന്നു എന്ന് നാം തിരിച്ചറിയണം. നഷ്ടപ്പെട്ടതിനെ ഓർത്ത് എന്നതിനെക്കാൾ ദൈവം തന്ന അനുഗ്രഹങ്ങളെക്കുറിച്ച് നമുക്ക് ദൈവത്തിന് നന്ദി പറയാം. ഇനിയുള്ള കാലം ഈ പ്രപഞ്ചത്തേയും ദൈവത്തേയും സ്നേഹിച്ച് പ്രവർത്തിച്ച് നമുക്ക് നമ്മുടെ ജീവിതം ധന്യമാക്കാം. ഈ വലിയ ഒരു ദൗത്യം നിറവേറ്റുവാൻ നമുക്ക് കടമയുണ്ട്. ഈ ലക്ഷ്യത്തിൽ കണ്ണുറപ്പിച്ച് നമുക്ക് മുന്നേറാം. നാം ഒറ്റയ്ക്കല്ല പോരാടുന്നത്, യേശുവും മാതാവും മറ്റ് എല്ലാ വിശുദ്ധരും മാലാഖമാരും നമ്മോടൊപ്പം ഉണ്ട്. ഈ തിരിച്ചറിവാണ് അതിജീവിതത്തിനാവശ്യം.

ഒക്ടോബർ, നവംബർ മാസങ്ങളിലായി സ്കൂളുകൾ തുറക്കാൻ പോകുന്നു എന്നത് കുട്ടികൾക്ക് സന്തോഷകരമായ വാർത്തയാണ്.

അവിടെ കുട്ടികൾക്ക് കുറെക്കൂടി വാക്സിൻ സ്വീകരിക്കാനുള്ള സൗകര്യവും, കുട്ടികളുടെ പഠനത്തിലും, വ്യക്തിത്വപരിശീലനത്തിലും, മനസ്സിന്റെയും ആത്മാവിന്റെയും കാര്യത്തിലും കൂടുതൽ ശ്രദ്ധിക്കാനും സാധിക്കും. കോവിഡ് കൂടെയുണ്ട് എന്ന ചിന്തയോടെ പഠിക്കാനും, ജോലി ചെയ്യാനും ജീവിക്കാനും ശ്രദ്ധിക്കാം.



തിരക്കു പിടിച്ച് അതിജീവനത്തിനുവേണ്ടി പരിശ്രമിക്കുമ്പോൾ ദൈവത്തെ മറന്ന് പോകരുതെയെന്നാണ് എനിക്ക് നിങ്ങളെ ഓർമ്മപ്പെടുത്തുവാനുള്ളത്. പലരും ദൈവത്തെ കൂടാതെ സമ്പാദിക്കാൻ ശ്രമിക്കുമ്പോൾ പരാജയമായിരിക്കും ഉണ്ടാവുക. ദൈവത്തോടുകൂടെ സമ്പാദിക്കാൻ ശ്രമിക്കുക.

വഴിതെറ്റുന്നതും താളം തെറ്റുന്നതുമായ മനുഷ്യരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇതിന് കാരണം പ്രാർത്ഥനാജീവിതത്തിൽ ശ്രദ്ധിക്കാതെ, ടി.വി., മൊബൈൽ ഫോൺ, നവമാധ്യമങ്ങൾ, മദ്യം, മയക്കുമരുന്ന്, വിനോദങ്ങൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്നതുകൊണ്ടാണ്. വിശ്വാസ ജീവിതത്തിന് കൂടുതൽ ഊന്നൽ നൽകാൻ ശ്രദ്ധിക്കണം. ധാർമ്മിക മൂല്യങ്ങൾ മുറുകെ പിടിച്ച്, ദൈവവചനം അനുദിനം വായിച്ച്, വി.കുർബാനയിൽ പങ്കെടുത്ത്, വി. കുർബാന സ്വീകരിച്ചും ജീവിതം ക്രമീകരിക്കാം. ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും. നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോ കൂടുതൽ നന്മകൾ നൽകും. (മത്തായി 7:7). നമ്മുടെ ദേവാലയത്തിന്റെ 620 -ാം പ്രതിഷ്ഠ തിരുനാൾ 2021 സെപ്റ്റംബർ 14ന് ശേഷമുള്ള ഞായറാഴ്ചയായ സെപ്റ്റംബർ 19 ന് ആഘോഷിച്ചു. നമ്മുടെ പൂർവ്വീകർ എത്രയോ കഷ്ടപ്പെ

ട്ടാണ് ഒരു ദേവാലയം നിർമ്മിച്ചത്. ഈ ദേവാലയം ഈ പ്രദേശത്തുള്ളവർക്ക് ഒരുമിച്ച് കൂടി ബലിയർപ്പിക്കാനും പ്രാർത്ഥിക്കാനും ആത്മീയ ആവശ്യങ്ങൾ നടത്താനും വേണ്ടിയായിരുന്നു. ഈ ദേവാലയം അങ്ങനെ ഈ പ്രദേശത്തിന് ഒരു ഐശ്വര്യമായി തീർന്നിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യവും സഹകരണവുമാണ് ഈ ഐശ്വര്യത്തിന് അടിസ്ഥാനമായിരിക്കുന്നത്.



ഒക്ടോബർ മാസം നമുക്ക് ഒരുമിച്ച് കൂടി ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചും ജപമാല ചൊല്ലിയും നമ്മുടെ വിശ്വാസ ജീവിതത്തെ സജീവമാക്കാം. നമ്മുടെ പൂർവ്വീകർക്ക് വിശ്വാസ ശക്തി ലഭിച്ചത് ദേവാലയത്തിലെ കൂട്ടായ്മയിലൂടെയാണല്ലോ. കുടുംബയൂണിറ്റുകളുടെ നേതൃത്വത്തിൽ ഭക്തിപൂർവ്വം നമുക്ക് ജപമാലയാചരണം ഭക്തി നിർഭരമാക്കാം.


നവംബർ മാസം ശുദ്ധീകരണാത്മാക്കളുടെ മാസമായി സഭ ആചരിക്കുന്നു. നവംബർ 2-ാം തീയതി സകല മരിച്ചവർക്കുംവേണ്ടി പ്രത്യേക തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പതിവ് നമ്മുടെ ഇടവകയിലും സഭയിലും ഉള്ളതാണല്ലോ. ശുദ്ധീകരണാത്മാക്കളെ സഹായിച്ചാൽ അവർ നമ്മളെയും സഹായിക്കും.



ഡിസംബർ മാസം ക്രിസ്തുമസ്സ് മാസമാണ്. 25 നോമ്പ് ആചരിച്ച് യേശുക്രിസ്തുവിനെ നമ്മുടെ ഹൃദയത്തിലേക്ക് വരവേൽക്കാൻ നമുക്ക് പരിശ്രമിക്കാം. വഴിയും സത്യവും ജീവനുമായ യേശുവിൽ വിശ്വസിച്ച് ജീവിക്കാനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**സ്നേഹപൂർവ്വം**

**വികാരിയച്ചൻ**






Editorial

# ആത്മാക്കളുടെ രക്ഷ

"**ഒ**രുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം. ഒരുവൻ സ്വന്തം ആത്മാവിനുപകരമായി എന്തു കൊടുക്കും" (വി.മത്താ.16:26) ഈശോയുടെ ഈ വചനം മനുഷ്യജീവിതത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്നതിനും ലോകത്തെ വേണ്ടവിധത്തിൽ വീക്ഷിക്കുന്നതിനും എത്രയോ പേരെയാണ് സഹായിച്ചിരിക്കുന്നത്. നാം ഈ ലോകത്തിൽ ആയിരിക്കുമ്പോൾ അത് വേഗം കടന്നുപോകുന്നു. അതുകൊണ്ട് നാം നമ്മുടെ ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധയുള്ളവരായിരിക്കണം.

ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിക്കാതെ ലൗകീക സമ്പത്തിൽ ഹൃദയം നിക്ഷേപിക്കുന്നത് ഏറ്റവും വലിയ മൗഢ്യമാണ്. കാരണം ഒരു മനുഷ്യൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവന് എന്തു പ്രയോജനമുണ്ടാകും. ലൗകീക സമ്പത്ത് നമ്മുടെ നിത്യത്വത്തിലേക്ക് ഉപകരിക്കുകയില്ല. അതിനാൽ ദൈവത്തിൽ സമ്പന്നനാകാതെ തനിക്കായി നിക്ഷേപം വയ്ക്കുന്നവൻ എത്രയോ വലിയ മൂഢൻ. ഗിരിപ്രഭാഷണത്തിൽ ഈശോ നാഥൻ അരുളിച്ചെയ്തു, "ചിതലും പുഴുവും നശിപ്പിക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കേണ്ട. എന്നാൽ ചിതലാകട്ടെ പുഴുവാകട്ടെ നശിപ്പിക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമുള്ള സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങൾ നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കുവിൻ".

മനുഷ്യാത്മാവ് അമർത്യവും അനശ്വരവുമാകകൊണ്ട് മനുഷ്യജീവിതത്തിൽ ആരംഭമുണ്ടെങ്കിലും അതു നിത്യമായിരിക്കും. ഒരിക്കൽ ഒഴുകിതുടങ്ങിയ ജീവിത നദി മരണത്തോടെ നിത്യത്വത്തിലേക്ക് പ്രവേശിക്കുന്നു. ഭൗമീക ജീവിതത്തിന്റെ അന്ത്യം കുറിയ്ക്കുന്ന മരണം ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപാടാണ്. അതുകൊണ്ട് നാം ലോകത്തിൽ ആയിരിക്കുമ്പോൾ ആ ലോകത്തിന് അനുരൂപരാകാതെ സ്വർഗ്ഗത്തെ ലക്ഷ്യം വച്ചുകൊണ്ട് ജീവിക്കുന്ന തീർത്ഥാടകരായി മാറണം. മനുഷ്യജീവിത വിജയത്തിനുള്ള പ്രതിഫലമാണ് സ്വർഗ്ഗം. ദൈവത്തെ മഹത്വപ്പെടുത്തികൊണ്ടുള്ള ജീവിതമാണ് നമുക്ക് ഉണ്ടാകേണ്ടത്. കുറവുകളും പോരായ്മകളും നമുക്ക് ജീവിതത്തിൽ ഉണ്ടാകാം. അതെല്ലാം നികത്തപ്പെടുവാനും നമ്മുടെ ആത്മാവിന്റെ രക്ഷ സ്വന്തമാക്കുവാനും നാം ദൈവത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു. ഈ ലോകം തരുന്ന സുഖം അതു നൈമിഷികമാണ്. എന്നാൽ ആത്യന്തികമായ സന്തോഷം നമുക്ക് ലഭിക്കുന്നത് അത് ദൈവത്തോടൊപ്പം ഇരിക്കുമ്പോഴാണ്. 'ഞങ്ങൾ വസിക്കുന്ന ഭൗമീക ഭവനം നശിച്ചു പോകുമെങ്കിലും കരങ്ങളാൽ നിർമ്മിതമല്ലാത്തതും ശാശ്വതവും ദൈവത്തിൽ നിന്നുള്ളതുമായ സ്വർഗ്ഗീയ ഭവനം ഞങ്ങൾക്കുണ്ടെന്നു ഞങ്ങൾ അറിയുന്നു'(2കൊറി.5:1). നമ്മുടെ ശരീരം അഴിഞ്ഞ് മണ്ണിലേക്കു പിൻതിരിയുന്നു. എന്നാൽ ആത്മാവ് നിത്യമായി ജീവിക്കും. ശരീരത്തേയും ശാരീരിക സന്തോഷങ്ങളെയുംക്കാൾ ആത്മാവിനെയും ആത്മീയ സന്തോഷങ്ങളെയും നാം വിലമതിച്ചു ജീവിക്കണം.

ഈശോ നാഥൻ ഒരിക്കൽ അരുളിച്ചെയ്തു. മനുഷ്യജീവിതം സമ്പൽ സമൃദ്ധിയെയല്ല ആശ്രയിച്ചിരിക്കുന്നത്. അതിന് ഒരു ഉപമയും പറഞ്ഞു, ഒരു ധനികന്റെ വയലിൽ സമൃദ്ധമായി വിളവുണ്ടായി. അവൻ ചിന്തിച്ചുതുടങ്ങി, ഞാനെന്തു ചെയ്യും എന്റെ വിളവുകൾ ശേഖരിക്കാൻ സ്ഥലമില്ലല്ലോ. അനന്തരം അവൻ ആത്മഗതം ചെയ്തു, ഞാൻ എന്റെ കളപ്പുരകൾ കൂടുതൽ വലുപ്പത്തിൽ പണിയും. എന്റെ ധാന്യം മുഴുവനും മറ്റു വസ്തുക്കളും അതിൽ സംഭരിക്കും. പിന്നീട് ഞാൻ എന്നോട് തന്നെ ഇങ്ങനെ പറയും, നിനക്ക് അനേക വർഷങ്ങൾക്കുവേണ്ട നല്ല സാധനങ്ങൾ സംഭരിച്ചുവച്ചിരിക്കുന്നു. ദൈവം അവനോടരുൾച്ചെയ്തു. മൂഢാ, ഈ രാത്രിയിൽ നിന്റെ ജീവനെടുക്കുന്ന പക്ഷം നിന്റെ സമ്പാദ്യമെല്ലാം ആരുടേതായിരിക്കും. ദൈവ

ത്തിന്റെ മുമ്പാകെ സമ്പന്നനാകാതെ തനിക്കുവേണ്ടി തന്നെ സമ്പത്തുണ്ടാക്കുന്നവന്റെ സ്ഥിതി ഇതായിരിക്കും.

നമ്മുടെ ഭാവിക്കുവേണ്ടി നാം ചെയ്യുന്ന പലകാര്യങ്ങളും നൈമിഷികമായ ആനന്ദത്തിനുള്ളവയാണ്. നാമാകട്ടെ ജനിക്കുന്ന നിമിഷം മുതൽ അനിവാര്യമായ മരണത്തിലേക്ക് മാടിയടുക്കുന്നു. അതിനാൽ ജീവിതത്തിന്റെ അർത്ഥം നാം എന്തു ലൗകീകമായി സമ്പാദിച്ചു എന്നതിലല്ല, നാം ആത്മരക്ഷയ്ക്കായി എന്തു നേടി എന്നതിലാണ് അടങ്ങിയിരിക്കുന്നത്. ജീവിതം പരീക്ഷണ കാലഘട്ടമാണ്. മരണത്തോടെ അത് അവസാനിക്കും. മരണശേഷമാകട്ടെ ആത്മാവിന് ഉപകരിക്കുന്നതൊന്നും സമ്പാദിക്കുവാൻ ഒരുവനും നിർവ്വാഹമില്ല. ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്കു മാത്രമാണ് നമ്മുടെ ആത്മാവിന്റെ രക്ഷയ്ക്കായ് പ്രാർത്ഥിക്കുവാൻ സാധിക്കുക. അതുകൊണ്ട് നാം ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ തന്നെ നമ്മുടെ ആത്മരക്ഷക്കായ് നാം പ്രയത്നിക്കണം.

നാം എപ്പോഴും പ്രസാദവരത്തിൽ കഴിയുന്നതിനുവേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. അതുകൊണ്ട് നാം എപ്പോഴും ജാഗരൂകരായിരിക്കണം. നമ്മുടെ ജീവിതം ഹ്രസ്വവും അതിന്റെ അന്ത്യം അനിശ്ചിതവുമായതുകൊണ്ട് പാപപങ്കിലമായ ആനന്ദങ്ങൾ അന്വേഷിച്ചു സമയം നഷ്ടപ്പെടുത്തരുത്. നാം ദൈവത്തോട് കൂടെ ആയിരുന്നുകൊണ്ട് യഥാർത്ഥ മാനവ പുരോഗതിക്കും സംസ്കാരത്തിനും വേണ്ടി നമ്മുടെ പങ്കാളിത്തം നാം നിർവ്വഹിക്കണം. നല്ല ഉദ്ദേശ്യത്തോടുകൂടി ചെയ്യുന്നതൊക്കെ ആത്മാവിനെ സുകൃത സമ്പന്നമാക്കുവാൻ പോരുന്നവയാണ്. പ്രാർത്ഥിക്കുകയും അദ്ധ്വാനിക്കുകയും ചെയ്യുക അപ്പോൾ എല്ലാം നന്മയ്ക്കായി ഭവിക്കും. ആത്മ രക്ഷയെക്കുറിച്ചുള്ള ഓർമ്മ, നീതി പുലർത്തി ജീവിക്കുവാൻ നമ്മെ എപ്പോഴും സഹായിച്ചുകൊണ്ടിരിക്കും.

സ്നേഹപൂർവ്വം
**കൊച്ചച്ചൻ**

‘കണ്ണുനീരോടെയാണ് അവൻ വരുന്നത്.
എന്നാൽ ഞാൻ അവനെ ആശ്വസിപ്പിച്ചു നയിക്കും.
ഞാൻ അവരെ നീരൊഴുക്കുകളിലേക്ക് നയിക്കും’
(ജെറ.31:8).

## കുടുംബയൂണിറ്റ് തിരഞ്ഞെടുപ്പ്

2021 – 2023 കാലയളവിലേക്കുള്ള കുടുംബ യൂണിറ്റ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് **2021 നവംബർ 1 മുതൽ** നടത്തപ്പെടുന്നു. പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പാണ് രഹസ്യബാലറ്റിലൂടെ നടത്തപ്പെടുന്നത്. യൂണിറ്റ് യോഗങ്ങൾ നടത്തപ്പെടുന്ന അതേ ദിവസം തന്നെയാണ് നിശ്ചയിക്കപ്പെട്ട ഭവനങ്ങളിൽ വച്ച് തിരഞ്ഞെടുപ്പ് നടത്തപ്പെടുക.

**തിരഞ്ഞെടുപ്പ് സമയം വൈകുന്നേരം 5 മണി മുതൽ 6 മണിവരെ.**

**വികാരിയച്ചൻ**

***പാരീഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി പ്രവർത്തിച്ച ശ്രീ. സാജൻ തിരുതനത്തിൽ സാറിനും ശ്രീ. ജോസഫ് തിരുതനത്തിലിനും നന്ദി.***

## പാരീഷ് ബുള്ളറ്റിൻ – പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page Cover | - | 4000. 00 |
| Front Inner Cover | - | 3000. 00 |
| Back Inner Cover | - | 3000. 00 |
| Full Page Colour | - | 1800. 00 |
| Half Page Colour | - | 1000. 00 |

*പുതുക്കിയ നിരക്കുകൾ 2022 ജനുവരി മുതൽ പ്രാബല്യത്തിൽ*



# ജീവിതത്തിൽ തോൽക്കാതിരിക്കാൻ .....



സന്തോഷം എന്ന വികാരമാണ് പലരേയും ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകം. സന്തോഷത്തിലും സമാധാനത്തിലുമുള്ള ജീവിതം സ്വപ്നം കണ്ടാണ് പലരും മുന്നോട്ടു പോകുന്നത്. എന്നാൽ അങ്ങനെ കാത്തിരിക്കുകയല്ല, സന്തോഷം കണ്ടെത്തുകയാണ് വേണ്ടത്. നമ്മുടെ ചിന്തകളിലും ചില ശീലങ്ങളിലും കൊച്ചു കൊച്ചു മാറ്റങ്ങൾ വരുത്തിയാൽ ഒരു പരിധിവരെ ജീവിതം സന്തോഷപ്രദമാക്കാം. ജീവിതത്തിൽ സന്തോഷവും ദുഃഖവും മാറി മാറി വന്നുകൊണ്ടേയിരിക്കും. എന്നാൽ വിഷമിപ്പിക്കുന്ന ഓർമ്മകളെ മാത്രം നമ്മൾ കൂടെ നിറുത്തും. നമ്മളെ സന്തോഷിപ്പിച്ച നിമിഷങ്ങളെ ഓർക്കാനും മനസ്സിൽ സൂക്ഷിക്കാനും പലരും തയ്യാറാവുന്നില്ല. ഈ ശീലം ഒന്നു മാറ്റി നോക്കൂ. നല്ല ഓർമ്മകളെ എന്നും കൂടെ നിറുത്തി നിങ്ങളെ സന്തോഷിപ്പിച്ച നിമിഷങ്ങളെ ഓർത്ത് ചിരിക്കൂ. വിഷമം വരുമ്പോൾ സന്തോഷമുള്ള ഓർമ്മകളിലേക്ക് ചേക്കാറാൻ ശ്രമിക്കുക.

ജീവിതത്തിൽ എല്ലാത്തിനും അതിന്റേതായ സമയമുണ്ട്. അൽപം വൈകിയാണെങ്കിലും നടക്കേണ്ട കാര്യങ്ങൾ നടന്നിരിക്കും. ഒന്നിനും തിരക്കു പിടിക്കേണ്ട കാര്യമില്ല. എന്തു ചെയ്യുന്നതിനു മുമ്പും പത്തുവട്ടം ആലോചിക്കുക. നാളെ ഒരു നല്ല ദിവസമായിരിക്കുമെന്ന ശുഭാപ്തി

വിശ്വാസം എപ്പോഴും ഉള്ളിൽ കൊണ്ടു നടക്കുക. എല്ലാം നിങ്ങൾക്കെതിരായി സംഭവിക്കുന്നു എന്നു തോന്നിയാലും അല്പം കാത്തിരിക്കുക. മഴ മാറി വെയിൽ ഉദിക്കുന്നതുപോലെ വിഷമങ്ങൾ മാറി സന്തോഷത്തിന്റെ സൂര്യൻ നിങ്ങളുടെ ആകാശത്തിൽ ഉദിക്കും.

ചില ദിവസങ്ങൾ മോശമായിരിക്കും. അതിനർത്ഥം ജീവിതം തന്നെ അങ്ങനെ ആയിരിക്കണമെന്നില്ല. നല്ലതും ചീത്തയായതുമായ ദിവസങ്ങളിലൂടെ എല്ലാവരും കടന്നുപോകും. അത് പ്രകൃതി നിയമമാണ്. ജീവിതത്തിൽ ഇത് രണ്ടും മാറിമാറി വരും. മോശം സംഭവങ്ങൾ ഒന്നിന്റെയും അവസാനമല്ലെന്ന തിരിച്ചറിവ് എപ്പോഴും സൂക്ഷിക്കുക. മോശം ദിവസത്തിന്റെ പേരിൽ ജീവിതത്തെ വെറുക്കാതിരിക്കുക. ജീവിതം എന്താണ് നമുക്ക് കരുതിവച്ചിരിക്കുന്നത് എന്ന് ആർക്കും പ്രവചിക്കുവാൻ സാധിക്കുകയില്ല. ജീവിതം വച്ചുനീട്ടുന്ന ഏത് പ്രതിസന്ധികളെയും നേരിടാനുള്ള ശക്തിയും മനസാന്നിധ്യവും സ്വയം ആർജ്ജിക്കുക. എന്തു സംഭവിച്ചാലും മുന്നോട്ട് ജീവിക്കാൻ ദൃഢ നിശ്ചയമെടുക്കുക. തളർത്താനും തള്ളിപ്പറയാനും പലരും ശ്രമിച്ചേക്കാം. എന്നാൽ നമ്മുടെ ജീവിതത്തിൽ തീരുമാനങ്ങൾ എടുക്കേണ്ടത് നാം തന്നെയാണെന്ന ഉറച്ച ബോധ്യവുമായി മുന്നോട്ടുപോവുക.

തെറ്റ് ചെയ്യുക എന്നത് മനുഷ്യന്റെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണ്. തെറ്റുകൾ സംഭവിച്ചാൽ അത് ശരിയിലേക്ക് നീങ്ങാനുള്ള ഓർമ്മപ്പെടുത്തലായി മനസ്സിലാക്കണം. കുട്ടികളെ കണ്ടിട്ടില്ലേ. പല തവണ തെറ്റിച്ചിട്ടാണ് അവൻ ശരിയിലേക്ക് എത്തുന്നത്. അതുകൊണ്ടുതന്നെ സംഭവിച്ചുപോയതോർത്ത് ദുഃഖിച്ചിട്ട് കാര്യമില്ല. എവിടെയാണ് തെറ്റിയതെന്ന് കണ്ടെത്തി തിരുത്തുക. തെറ്റുകളെ ശരിയിലേക്കുള്ള ചവിട്ടുപടികളായി മാത്രം കാണുക. ചെയ്ത തെറ്റുകൾ പിന്നീട് ആവർത്തിക്കാതിരിക്കുക.

ആരും ഇല്ലാത്തവരായി ഈ സമയത്ത് ഇനി ആരും ഉണ്ടാകാതിരിക്കട്ടെ. ജീവിതം തിരിച്ചു പിടിക്കാനുള്ളതാണ്. അതിന് ഒരു വിരൽത്തുമ്പ് എങ്കിലും നീട്ടികൊടുക്കുവാൻ, കാരുണ്യത്തിന്റെ മുഖമുള്ള മാലാഖമാരാവാനും മനുഷ്യർക്കെ സാധിക്കൂ. എനിക്കും നിനക്കും അതിന് സാധിച്ചാൽ ഈ ഭൂമിയിൽ ഇനി തോറ്റവർ ഉണ്ടാവില്ല.

സ്നേഹപൂർവ്വം
**സി.ഗ്രേയ്സ്മിൻ CMC**

"തന്നിൽ അഭയം പ്രാപിക്കുന്നവർക്ക് അവിടുന്ന് രക്ഷാകവചമാണ്"
(സുഭാ.30:5)



# ചെറിയ വലിയ കാര്യങ്ങൾ

**അലീന സെബാസ്റ്റ്യൻ**
പാറയിൽ കിലുക്കൻ
സെ.തോമസ് യൂണിറ്റ്



**അ**ന്ന് ജോലി നേരത്തെ അവസാനിപ്പിച്ചുപോകാൻ തുടങ്ങുമ്പോഴാണ് ഓൺലൈൻ ടാക്സി ഡ്രൈവർക്ക് ഒരു ഓട്ടംകൂടി ലഭിച്ചത്. പറഞ്ഞ സ്ഥലത്തെത്തി. ഒരു വയോധികയാണ് യാത്രക്കാരി. ചെറിയ ഒരു പെട്ടിയുമായി കാറിൽ കയറിയ അവർ പോകേണ്ട സ്ഥലം എഴുതികൊടുത്തിട്ടു പറഞ്ഞു. പട്ടണം ചുറ്റി വേണം പോകാൻ. ദൂരം കൂടുതലുണ്ടെന്നു സൂചിപ്പിച്ചപ്പോൾ അവർ പറഞ്ഞു. താങ്കൾക്കു മറ്റ് തിരക്കുകളില്ലെങ്കിൽ എന്നെ സഹായിക്കുക. ഡ്രൈവർ സമ്മതിച്ചു.

ഓരോ സ്ഥലവും എത്തുമ്പോൾ വയോധിക വിവരിക്കും. ഇത് ഞാൻ ആദ്യമായി ജോലി ചെയ്ത സ്ഥലം. ഇത് കല്യാണത്തിനുശേഷം ആദ്യ നാളുകളിൽ തങ്ങിയ സ്ഥലം. ഇത് ആദ്യ പ്രസവം നടന്ന ആശുപത്രി.... ഒടുവിൽ അവരെ ഡ്രൈവർ ലക്ഷ്യ സ്ഥാനത്ത് എത്തിച്ചു. ഒരു വൃദ്ധമന്ദിരം.

അവരോട് പണമൊന്നും വാങ്ങാതെ പോയ ഡ്രൈവർ അവരുടെ ഡയറിയിൽ കുറിച്ചു. ആ സ്ത്രീക്ക് പോകാൻ തിരക്കുള്ള ഒരു ഡ്രൈവറെയാണ് കിട്ടിയിരുന്നെങ്കിൽ, അവർ പറഞ്ഞതൊന്നും ഞാൻ ശ്രദ്ധിക്കാതെയിരുന്നെങ്കിൽ എന്താകുമായിരുന്നു അവരുടെ അവസ്ഥ. ഞാൻ ധന്യനായി. ചെറിയ കാര്യങ്ങളുടെ മനോഹാരിതയാകും വലിയ കാര്യങ്ങളുടെ മാഹാത്മ്യത്തേക്കാൾ പ്രധാനം. മാനദണ്ഡങ്ങൾക്കനുസരിച്ച് ചെയ്യുന്ന മഹനീയ പ്രവർത്തികൾക്ക് ബഹുമതികൾ ലഭിച്ചേക്കാം.

മനഃസാക്ഷിക്കനുസരിച്ച് ചെയ്യുന്ന പുണ്യങ്ങൾക്ക് പ്രാർത്ഥനയാകും പകരം കിട്ടുക.

നോട്ടീസ് വിതരണം ചെയ്തുള്ള കാരുണ്യപ്രവർത്തികളെക്കാൾ, ആരും അറിയാതെ അനുദിന ജീവിതത്തിൽ തുടരുന്ന മനോഗുണ പ്രവർത്തികൾക്കായിരിക്കും ഫലസിദ്ധി കൂടുതൽ. പ്രൗഢി കാക്കൽ ചടങ്ങുകളിലെ പ്രധാനിയാകുന്നതിനെക്കാൾ നല്ലതല്ലേ ആരുമില്ലാത്ത വരുടെ ജീവിതത്തിലെ എല്ലാമാകുന്നത്. അത് കുറച്ചുസമയത്തേക്കു ആണെങ്കിൽ പോലും.

അതിരു തിരിച്ച് മതിലുകെട്ടിയാൽ എന്തിനും പരിഹാരം കാണാം എന്നതാകും മനുഷ്യന്റെ ഏറ്റവും വലിയ അബദ്ധചിന്തകളിലൊന്ന്. അതുകൊണ്ടുതന്നെ വാതിൽ പണിയുന്നതിനു മുൻപേ മതിൽ പണി യാനാണു നമുക്കിഷ്ടം. എല്ലാവരെയും അകറ്റി നിർത്തി, സ്വന്തമാ ക്കിയതെല്ലാം വരുതിക്കുള്ളിലാക്കി വാതിലടച്ച് അന്യർക്കു പ്രവേശ നമില്ല എന്ന ബോർഡ് സ്ഥാപിക്കുക.

ഒന്നും സ്വന്തമാക്കാൻ ആകില്ലെന്നും കയ്യടക്കിവയ്ക്കുന്നതെല്ലാം സമയം കൊണ്ടും സന്ദർഭം കൊണ്ടും മറ്റാരുടേതെങ്കിലും ആകുമെ ന്നുമുള്ള തിരിച്ചറിവാണ് സഹിഷ്ണുതയുടെ അടിസ്ഥാനം. ആർക്കെ ങ്കിലും ഉപയോഗപ്പെടുന്ന എന്തിനെയെങ്കിലും ആർക്കും ഉപകരിക്കാ ത്തവിധം നശിപ്പിക്കുന്നതാകും ഏറ്റവും വലിയ സാമൂഹിക തിന്മ. വലിച്ചെറിയുന്ന ഭക്ഷണവും ഉപയോഗിക്കാത്ത ഉപകരണങ്ങളും തികഞ്ഞ സാമൂഹിക ദ്രോഹത്തിന്റെ അടയാളമാകുന്നത് അങ്ങനെ യാണ്. എന്റെ സ്ഥലത്ത് എന്റെ വസ്തുക്കൾകൊണ്ട് എനിക്ക് എന്തും ചെയ്യാം എന്ന ധാർഷ്ട്യം ഇല്ലാതായാലേ, എല്ലാവർക്കും എല്ലായി ടത്തും വ്യാപരിക്കാനാകൂ.

അവനവനിൽ മറ്റുള്ളവരെയും മറ്റുള്ളവരിൽ അവനവനെയും കണ്ട് പെരുമാറുമ്പോൾ മാത്രമെ, സ്വാഭാവികമായ നിലനിൽപ്പ് സാധ്യമാ കൂ. ഒരാൾക്കു മാത്രമായി ഒരിടത്തും നിലനിൽപ്പില്ല.

“നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നില നിൽക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളത് ചോദിച്ചുകൊൾക, നിങ്ങൾക്ക് ലഭിക്കും” (യോഹ.15:7).

“ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെയാണ്”(1കൊറി.3:17).



**സാബു കൂട്ടാല**
സെ.വിൻസെന്റ് ഡി പോൾ യൂണിറ്റ്



# ജപമാല പ്രാർത്ഥനയുടെ ശക്തി

"പ്രവചനങ്ങളെ നിന്ദിക്കരുത്. എല്ലാം പരിശോധിച്ച് നോക്കുവിൻ. നല്ലവയെ മുറുകെപ്പിടിക്കുവിൻ"(1 തെസ.5:20-21).

ജപങ്ങൾകൊണ്ടുള്ള ഒരു മാലയാണ് ജപമാല. ഇംഗ്ലീഷിൽ 'റോസറി' റോസാപുഷ്പങ്ങൾകൊണ്ടുള്ള മാല. ജപമാല ചൊല്ലുമ്പോൾ നമ്മൾ മാതാവിന്റെ മഹത്വത്തിനായി റോസാപുഷ്പങ്ങൾ കൊണ്ടുള്ള മാല അണിയിക്കുകയാണ് ചെയ്യുന്നത്.

പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല പ്രാർത്ഥനയുടെ അത്ഭുതശക്തിയെക്കുറിച്ച് പരിശുദ്ധാത്മാവിന്റെ പ്രകാശത്തിലൂടെ തിരുസഭ വ്യക്തമാക്കിയിട്ടുണ്ട്. യേശുവിന്റെ രക്ഷാകര രഹസ്യങ്ങളാണ് ഓരോ ജപമാല രഹസ്യത്തിലൂടെയും നാം മഹത്വപ്പെടുത്തുന്നത്. എഴുതപ്പെട്ട വചനങ്ങളാണ് നാം ജപമാലയിലൂടെ ഉരുവിടുന്നത് എന്നതാണ് മറ്റൊരു സവിശേഷത. കഴുത്തിൽ വെഞ്ചരിച്ച ജപമാല അണിയുമ്പോൾ മറ്റ് തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിശാചിന്റെ കുടില തന്ത്രങ്ങളിൽ നിന്നും ജപമാല നമുക്ക് രക്ഷാകവചമായി മാറുന്നു. കഠിനമായ പ്രതികൂല സാഹചര്യത്തിൽ അകപ്പെടുന്ന കുടുംബങ്ങളിൽ ദൈവത്തിന്റെ ഇടപെടൽ കൊണ്ടുവന്നിട്ടുള്ള ഒരു പ്രാർത്ഥനാ രീതിയാണ് ജപമാല പ്രാർത്ഥന. നാം കൈകളിൽ എടുക്കുന്ന ജപമാലകളിൽ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുകൾ ഉണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

9-ാം പീയൂസ് മാർപാപ്പ തന്റെ വൈദിക പഠനകാലത്ത് രോഗബാധിതനാകുകയും സെമിനാരിയിൽ നിന്നും സ്വന്തം വീട്ടിലേക്ക് തിരിച്ചുപോകേണ്ടതായും വന്നു. അവിടുത്തെ റെക്ടർ അച്ചൻ കൊടുത്ത ജപമാല നിയോഗം വച്ച് നിരന്തരം ചൊല്ലി പ്രാർത്ഥിച്ചപ്പോൾ ഒന്നര വർഷത്തിനുശേഷം അത്ഭുതകരമായ രോഗസൗഖ്യം ലഭിക്കുകയും സെമിനാരിയിലേക്ക് തുടർന്ന പഠനത്തിനായി അവസരം ലഭിക്കുകയും ചെയ്തത് ജപമാല പ്രാർത്ഥനയുടെ അത്ഭുതശക്തി മാത്രമാണെന്ന് തിരുസഭയിൽ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യർ ഓരോ തവണയും 'നന്മനിറഞ്ഞ മറിയമെ' എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ അവർ തനിക്ക് മനോഹരമായ ഒരു റോസാപൂവ് നൽകുകയാണ് ചെയ്യുന്നതെന്നും ഓരോ പൂർണ്ണ ജപമാല ചൊല്ലുമ്പോഴും തനിക്കുവേണ്ടി റോസാപ്പൂക്കളുടെ ഒരു കിരീടം ചമയ്ക്കുകയാണ് ചെയ്യുന്നതെന്നും പരിശുദ്ധ കന്യകാമാതാവ് അനേകർക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. "ശക്തനായവൻ എനിക്കു വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്. അവിടുത്തെ ഭക്തരുടെ മേൽ തലമുറകൾ തോറും അവിടുന്ന് കരുണ വർഷിക്കും"(ലൂക്കാ 1:49-50).

കടലിലലയുന്ന തോണിപോലെ ആയിരിക്കുന്ന എന്റെ ആത്മാവിനെ പരിശുദ്ധ അമ്മേ രക്ഷിക്കണമെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ ഇതാ ഞങ്ങൾ നിന്നിൽ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്ത് ഞങ്ങളുടെ അപേക്ഷകൾ ഉപേക്ഷിക്കരുതേ. ഭാഗ്യവതിയും അനുഗ്രഹീതയുമായ കന്യകാമറിയമേ സകല ആപത്തുകളിൽ നിന്നും എപ്പോഴും ഞങ്ങളെ കാത്തുകൊള്ളേണമെ.

ജീവിതമാകുന്ന ആഴക്കടലിൽ പ്രാർത്ഥനയാകുന്ന തോണിയിൽ തുഴഞ്ഞ് അങ്ങേ പക്കലെത്തുവാൻ പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കണമെ. പരിശുദ്ധ അമ്മയെപ്പോലെ കൃപ നിറഞ്ഞവരാകുവാൻ ഞങ്ങളെയും അനുഗ്രഹിക്കണമെയെന്ന് പ്രാർത്ഥിക്കാം. അതിനായി മുട്ടുകൾ മടക്കി ജപമാല കൈകളിലേന്തി നമുക്കും അമ്മയോട് ചേർന്ന് നിൽക്കാം. ●

"എന്റെ ജനത്തിൽ ഞാൻ സന്തോഷിക്കും വിപാലസ്വരമോ കഠിന വേദനയുടെ നിലവിളിയോ ഇനി അവിടെ കേൾക്കുകയില്ല" (ഏശ.65:19).




# യഥാർത്ഥ നായകൻ



**ബിജോ ജോസഫ് ടി**
സെ.വിൻസെന്റ് ഡി പോൾ യൂണിറ്റ്

**കു**രുടൻ കുരുടനെ നയിച്ചാൽ ഇരുവരും കുഴിയിൽ വീഴുമെന്ന സത്യം നമുക്കെല്ലാവർക്കും അറിവുള്ളതാണല്ലോ. വി.ലൂക്കായുടെ സുവിശേഷം 6–ാം അധ്യായം 39 മുതലുള്ള വാക്യങ്ങളിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എല്ലാമറിയാമെന്ന ഭാവമുള്ള അഹ ങ്കാരികളെ യേശുനാഥൻ ശൂന്യവത്കരിക്കുന്നതായി കാണാൻ കഴി യും. മറ്റുള്ളവരെ നയിക്കുന്നവൻ നായകനുവേണ്ടതായ ഗുണങ്ങളും കഴിവുകളും ഉള്ളവനായിരിക്കണം. എല്ലാം തികഞ്ഞത് എന്ന അവ സ്ഥയിൽ നിന്ന് മാറി ശൂന്യവത്കരണത്തിന്റെ അവസ്ഥയിലേക്ക് എത്തി യാൽ മാത്രമെ ഇത് സാധ്യമാവുകയുള്ളു.

തുടർന്ന് വരുന്ന സുവിശേഷ ഭാഗത്ത് നാം ഇങ്ങനെ വായിക്കു ന്നു. ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല. എന്നാൽ എല്ലാം പഠി ച്ചുകഴിയുമ്പോൾ അവൻ ഗുരുവിനെപ്പോലെയാകും. ശിഷ്യത്വത്തിന്റെ വില മനസ്സിലാക്കണമെങ്കിൽ അവൻ ഗുരുവിനെപ്പോലെയാകണം. അന്ത്യ അത്താഴവേളയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി എളിമ യുടെയും ശൂന്യവത്കരണത്തിന്റെയും മാതൃക കാട്ടിത്തന്ന യേശുക്രി സ്തുവാണ് നമ്മുടെ യഥാർത്ഥ ഗുരു. ആ ഗുരുവിനെ അനുഗമിക്കു ന്നവരാണ് ക്രിസ്ത്യാനികളായ നമ്മൾ.

ഇന്നത്തെ നമ്മുടെ സമൂഹത്തിൽ നമ്മെ നയിക്കുന്നത് യഥാർത്ഥ നായകരാണോ എന്ന് വിചിന്തനം ചെയ്യേണ്ടിയിരിക്കുന്നു. പലപ്പോഴും നമ്മുടെ ബലഹീനത മനസ്സിലാക്കി നമ്മെ കുഴിയിൽ ചാടിക്കുന്നവ രാണ് പലരും. യുവജനങ്ങൾക്കിടയിൽ ഏതെങ്കിലും രീതിയിൽ

സ്വാധീനം ചെലുത്തുവാൻ കഴിവുള്ളവരാണ് ഇത്തരം കുരുടന്മാരെങ്കിൽ യുവാക്കളെ പെട്ടെന്ന് കുഴിയിൽ ചാടിക്കും. മദ്യം, മയക്കുമരുന്ന്, ലഹരി, ചീത്തകൂട്ടുകെട്ടുകൾ, ലൈംഗീക അരാജകത്വം എന്നിവയെല്ലാം ഇത്തരം ചതിക്കുഴികൾ ആണ്. ഇത്തരം ചതിക്കുഴികളുടെ മാസ്മരികതയിലാണ് ഇന്നത്തെ ഭൂരിഭാഗം യുവജനസമൂഹവും എന്ന് പറയാതെ വയ്യ. സ്വജന പക്ഷപാതവും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ഇത്തരം ചതിക്കുഴികളിൽ അകപ്പെടുന്നവർ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാതെ ജീവിതത്തെ തന്നെ ഇല്ലാതാക്കുന്ന നിരവധി സംഭവങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ തന്നെയുണ്ട്. ഭൗതീകത ആത്മീയതയെ അടിച്ചമർത്തുമ്പോഴാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. ആത്മീയ ചിന്തകളെ യുക്തിചിന്തകൾ ഭരിക്കുമ്പോൾ മനുഷ്യൻ വിവേക ശൂന്യനായിത്തീരുന്നു.

മുന്നിൽ നിന്ന് നയിക്കുന്നവനാണ് നായകൻ. ക്രിസ്തു അനുയായികളായ നാം എവിടെയാണ് നിൽക്കുന്നത് എന്ന് നാം ഓരോരുത്തരും ചിന്തിക്കണം. എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശം എന്ന് വ്യക്തമാക്കിയ മഹാത്മഗാന്ധിയെപ്പോലുള്ള നേതാക്കളാണ് നമുക്ക് ഉത്തേജകമാകേണ്ടത്. ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും മൂല്യവും മനസ്സിലാക്കുവാൻ മഹത്വ്യക്തികളുടെ ആത്മകഥകൾ വായിക്കുന്നതും നല്ല നല്ല ക്ലാസ്സുകൾ കേൾക്കുന്നതും ഉദ്ദേശ്യശുദ്ധിയോടെ കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും സജ്ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതും നല്ലതാണ്. തീയിൽ കുരുത്തത് വെയിലത്ത് വാടുകയില്ലല്ലോ. ഭക്താനുഷ്ഠാനങ്ങളിലും, കുടുംബയൂണിറ്റുകൾ പോലുള്ള സമ്മേളനങ്ങളിൽ പങ്കെടുക്കുന്നതും ഭക്ത സംഘടനകളിലെ സാന്നിധ്യവും സാമൂഹ്യപ്രതിബദ്ധതയുള്ള മറ്റു കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും നമ്മെ തീയിൽ കുരുത്തതു പോലെ കരുത്തരാക്കുന്നു. നമ്മിലെ നേതൃത്വ പാടവം വളർത്തിയെടുക്കുന്ന മൂശകളാണിവ.

തിരിച്ചറിവുകൾ സമ്മാനിക്കുന്ന ഒരു വിദ്യാഭ്യാസത്തിലൂടെ മാത്രമെ യഥാർത്ഥ നായകർ ഉടലെടുക്കുകയുള്ളു. ജീവിത മൂല്യങ്ങൾ വളർത്താനുതകാത്ത വിദ്യഭ്യാസം കുട്ടികളെ എവിടെകൊണ്ടെത്തിക്കുന്നു എന്നത് നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്നതാണ്. മുഴുവൻ മാർക്കും വാങ്ങാനുള്ള നെട്ടോട്ടത്തിൽ സന്മാർഗ്ഗബോധം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നന്മയിലൂന്നിയ പ്രവർത്തനങ്ങൾ, മൂല്യബോധനം എന്നിവ നാം മറന്നുപോകുന്നു. വിദ്യാലയങ്ങൾ നൂറുശതമാനത്തിന്റെ

പുറകിൽ പോകുമ്പോൾ ഈ നൂറു ശതമാനം നമ്മുടെ കുട്ടികൾക്ക് എത്രത്തോളം പ്രയോജനം ചെയ്യുന്നുണ്ടെന്ന് ഓരോരുത്തരും ചിന്തിക്കണം. എന്നെ ഞാനാക്കുന്ന വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാണെങ്കിൽ തീർച്ചയായും ഞാൻ ജീവിതത്തിൽ വിജയിക്കും. മറിച്ച് കേവലം അറിവ് സമ്പാദനം മാത്രമാണ് ലക്ഷ്യമെങ്കിൽ അത് പരാജയത്തിലേക്കു തന്നെയായിരിക്കും കൂപ്പുകുത്തുക എന്ന കാര്യത്തിൽ സംശയമില്ല. ചുരുക്കത്തിൽ അറിവും നെറിവും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു വിദ്യാഭ്യാസമാണ് നാംനേടേണ്ടത്. തെറ്റേത്, ശരിയേത്, നല്ലതേത്, ചീത്തയേത്, സത്യമേത് - അസത്യമേത്, ധാർമ്മികതയേത് - അധാർമ്മികതയേത് എന്നത് തിരഞ്ഞെടുക്കുവാനുള്ള തിരിച്ചറിവ് നമുക്കുണ്ടാകണം. എങ്കിൽ മാത്രമെ യഥാർത്ഥ നായകർ നമ്മെ നയിക്കുന്ന അവസ്ഥാവിശേഷം ഉണ്ടാകൂ.

വ്യർത്ഥമായ ജീവിതത്തിൽ അർത്ഥം നിറയ്ക്കുന്നവരാണ് യഥാർത്ഥ നായകർ. പ്രശസ്ത എഴുത്തുകാരൻ ഹാ മിൾട്ടന്റെ അഭിപ്രായത്തിൽ നേതൃത്വത്തിന്റെ പാഠങ്ങൾ വളരെ പെട്ടെന്ന് മനസ്സിലാക്കാവുന്നതും എളുപ്പത്തിൽ നടപ്പിലാക്കാവുന്നതുമാണ്. യഥാർത്ഥ നേതാവ് യേശുക്രിസ്തുവാണ് എന്ന സത്യം മനസ്സിലാക്കണം. യേശുക്രിസ്തുവിനെ അനുഗമിച്ചിരുന്ന ജനാവലി - ഉപമകളിലൂടെയും പ്രസംഗങ്ങളിലൂടെയും പ്രവൃത്തികളിലൂടെയും അവൻ ചെയ്ത കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കിയവരാണ്. തന്റെ ജനത്തിന് ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാൻ അത് അവരിൽ നിലനിൽക്കുവാൻ ക്രൂശിൽ മരിച്ചവനാണ് യേശുക്രിസ്തു. യേശുവാകുന്ന യഥാർത്ഥ നായകനെ അനുഗമിച്ചുകൊണ്ട് കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേർന്നുകൊണ്ടും ക്രൂശിതന്റെ അനുഗ്രഹം യാചിച്ചുകൊണ്ടും നമുക്ക് ആ നായകനെ ആരാധിക്കാം.

●

“കർത്താവിൽ വീണ്ടെടുക്കപ്പെട്ടവർ തിരിച്ചുവരുകയും ഗാനാലാപത്തോടെ സീയോനിൽ പ്രവേശിക്കുകയും ചെയ്യും. നിത്യമായ സന്തോഷത്തിൽ അവർ മുഴുകും. അവർ സന്തോഷിച്ചുല്ലസിക്കും” (ഏശ.35:10).

“വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിലായിരുന്നാലും കർത്താവ് എന്റെ വെളിച്ചമായിരിക്കും” (മിക്ക 7:8).

# ഓർമ്മയിൽകുറിക്കാൻ



**2021 ഒക്ടോബർ**

1 വെള്ളി : പള്ളിയിൽ ജപമാല ആരംഭിക്കുന്നു. രാവിലെ 5.30 നും 6.30 നും ദിവ്യകാരുണ്യം എഴുന്നുള്ളിവച്ച് ജപമാല, തുടർന്ന് വി.കുർബാന.

**2021 നവംബർ**

1 തിങ്കൾ : **സകല വിശുദ്ധരുടെയും തിരുനാൾ.** രാവിലെ 6.00 ന് വി. കുർബാന, 7.00 ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാന.

നവംബർ 1 -ാം തീയതി സെമിത്തേരിയിലെ എല്ലാ കല്ലറ കളും വൃത്തിയാക്കി അലങ്കരിക്കുക

2 ചൊവ്വ : **സകല മരിച്ചവരുടെയും ഓർമ്മദിനം.** രാവിലെ 6.00ന് വി.കുർബാന തുടർന്ന് സെമിത്തേരി വെഞ്ചരിപ്പ്. തുടർന്ന് വി.കുർബാന. വൈകിട്ട് 5.00നും, 6.00 നും വി.കുർബാന ഉണ്ടാ യിരിക്കും.

**പരിശുദ്ധ കാണിക്കമാതാവിന്റെ ദർശന തിരുനാൾ :**

**നവം.24,25,26,27,28 (ബുധൻ, വ്യാഴം, വെള്ളി,ശനി,ഞായർ)**

19 വെള്ളി : തിരുനാളിന് ഒരുക്കമായുള്ള നൊവേന ആരംഭിക്കുന്നു.

24 ബുധൻ : വൈകുന്നേരം 5.30 ന് കൊടിയേറ്റ്, തുടർന്ന് ദിവ്യബലി.

**2021 ഡിസംബർ**

1 ബുധൻ : ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള 25 നോമ്പ് ആരംഭി ക്കുന്നു.

24വെള്ളി : രാത്രി 11.30 ന് തിരുപ്പിറവിയുടെ തിരുകർമ്മങ്ങൾ ആരംഭി ക്കുന്നു. തുടർന്ന് വി.കുർബാന. രാവിലെ 6നും 7നും 8നും വി.കുർബാന ഉണ്ടായിരിക്കും. അന്ന് വൈകിട്ട് വി.കുർബാന ഉണ്ടായിരിക്കുകയില്ല.

***NB :** തിരുനാൾ ആഘോഷങ്ങളും ക്രിസ്തുമസ്സ് ആഘോഷവും സർക്കാരിന്റെയും സഭയുടെയും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കും നടത്തപ്പെടുക.*

# തിരിഞ്ഞുനോക്കുമ്പോൾ...

## 2021 July-September

1. കുടുംബയൂണിറ്റുകൾ മുഖേന അപേക്ഷ സ്വീകരിച്ച് ഇടവകയിലെ അർഹതയുള്ള 98 കുടുംബങ്ങൾക്ക് 5 മുട്ടക്കോഴികളെ വീതം സൗജന്യമായി മൂന്നാം ഘട്ടം വിതരണം ചെയ്തതോടെ ആകെ 1365 മുട്ടകോഴികളെ വിതരണം ചെയ്തു. മൂന്ന് ഘട്ടങ്ങളിലായി കോഴികളെ വിതരണം ചെയ്തതിന് പള്ളിയുടെ കാരുണ്യഫണ്ടിൽ നിന്നും ആകെ 1,63,800 രൂപ ചിലവായി.
2. രണ്ട് ഘട്ടങ്ങളിലായി നടത്തിയ ബിരിയാണി ചലഞ്ചിലൂടെ ജീവ കാരുണ്യനിധിയിലേക്ക് 54865/- രൂപ സമാഹരിച്ചു.
3. സെന്റ് ഫിലോമിനാസ് ആശുപത്രിയുടെ (SPARSH) പ്രവർത്തനം 2021 ഓഗസ്റ്റ് 17(ചിങ്ങം1)ന് ആരംഭിച്ചു. ബഹു. വികാരി ഫാ. സെബാസ്റ്റ്യൻ ഊരക്കാടൻ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിച്ചു.
4. ആട് ഗ്രാമം പദ്ധതി പ്രകാരം നാളിതുവരെ 57 ആടുകളെ വിതരണം ചെയ്തു.
5. പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന കർഷക വിപണന കേന്ദ്രവും (KVK) കൃഷിഭവനും സംയുക്തമായി 2021 ഓഗസ്റ്റ് 17 (ചിങ്ങം 1) ന് കർഷകരെ ആദരിച്ചു. അന്നേ ദിവസം തന്നെ കർഷക വിപണനകേന്ദ്രത്തിന്റെ ലോഗോ പ്രകാശനവും FISAT ന്റെ സഹകരണത്തോടെ കർഷകർക്കുവേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിംഗ് ബഹു. അങ്കമാലി എം.എൽ.എ. ശ്രീ.റോജി എം.ജോൺ നിർവ്വഹിക്കുകയും ചെയ്തു.
6. പാരീഷ് ബുള്ളറ്റിൻ ഫണ്ട് ഉപയോഗപ്പെടുത്തി സെന്റ് ഫ്രാൻസീസ് യൂണിറ്റിൽ ചികിത്സയിലുള്ള ഒരു വ്യക്തിക്ക് 10,000/- രൂപ സഹായം നൽകി.
7. 2021 ജൂലൈ 25 ന് പള്ളിയിൽ 24 മണിക്കൂർ തുടർച്ചയായി ബൈബിൾ പാരായണം നടത്തി.

8. കുടുംബയൂണിറ്റുകളുടെയും എ.കെ.സി.സി, കെ.സി.വൈ.എം, കർഷക വിപണന കേന്ദ്രം എന്നിവയുടെയും സംയുക്ത ആഭിമുഖ്യത്തിൽ 20.08.2021 ന് 100/- രൂപ നിരക്കിൽ 1002 പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു.

9) 2021 സെപ്റ്റംബർ 8 മാതാവിന്റെ ജനനതിരുനാൾ വിമൺ വെൽഫെയറിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു.

10) 2021 സെപ്റ്റംബർ 19 ന് കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ലളിതമായി ആഘോഷിച്ചു.

●

"പ്രത്യാശയുടെ ദൈവം നിങ്ങളുടെ വിശ്വാസത്താൽ സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ"
(റോമ.15:13)

## ഞായറാഴ്ച വായനകൾ

| തീയതി | പഴയ നിയമം | ലേഖനം | സുവിശേഷം |
|---|---|---|---|
| ഒക്ടോ. 3 | നിയ. 9:13-24 | ഫിലി. 4:4-9 | മത്താ. 15:21-28 |
| 10 | നിയ. 11:1-9 | 2കൊറി. 2:12-17 | മത്താ. 20:1-16 |
| 17 | നിയ. 11:26-32 | ഗലാ. 5:16-26 | ലൂക്കാ. 8:41-56 |
| 24 | നിയ. 13:12-18 | ഗലാ. 6:1-10 | മത്താ. 8:23-34 |
| 31 | ഏശ. 6:1-8 | 1കോറി. 13:1-13 | മത്താ. 16:13-19 |
| നവംബർ 7 | പുറ. 40:1-16 | ഹെബ്രാ. 8:1-6 | മത്താ. 12:1-13 |
| 14 | ഏശ. 54:1-10 | ഹെബ്രാ. 9:5-15 | യോഹ. 2:13-22 |
| 21 | 1രാജാ. 6:11-19 | ഹെബ്ര. 9: 16-18 | മത്താ. 22:21-46 |
| 28 | ഏശ. 43:1-7 | എഫേ. 5: 21-6:4 | ലൂക്ക. 1:5-25 |
| ഡിസം. 5 | സംഖ്യ. 22:20-35 | കൊളോ. 4:2-6 | ലൂക്ക. 1:26-38 |
| 12 | ഉൽ. 18:1-10 | എഫേ. 3:1-13 | ലൂക്ക. 1:57-66 |
| 19 | 1സാമു. 1:1-18 | എഫേ. 5:5-21 | മത്താ. 1:18-24 |
| 26 | 1സാമു. 1:21-28 | ഗലാ. 4:21-5:1 | മത്താ. 2:1-12 |



# നിയമവീഥി



അഡ്വ. ജേക്കബ് മഞ്ഞളി

## മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണം നിയമം 2007

തിരക്കേറിയ ജീവിതത്തിൽ മറ്റ് പലതിനെയും ഉപേക്ഷിക്കുന്നതുപോലെ സ്വന്തം മാതാപിതാക്കളെയും ഉപേക്ഷിക്കുന്ന പ്രവണത കൂടിവരികയാണ്. 'നടതള്ളൽ' സംസ്കാരത്തിന്റെ ഭാഗമായി മക്കളെ വളർത്തി വലുതാക്കിയ മിക്ക മാതാപിതാക്കളും വൃദ്ധസദനത്തിലും അനാഥ മന്ദിരത്തിലും അഭയം പ്രാപിച്ചിരിക്കുകയാണ്. മാതാപിതാക്കളുടെ സ്വത്തുക്കളും ബാങ്ക് ബാലൻസും കൈക്കലാക്കി അവരെ തെരുവിലേക്കും പട്ടിണിയിലേക്കും തള്ളി വിട്ടിരിക്കുകയാണ്. ഇവർക്ക് സംരക്ഷണം കൊടുക്കുക എന്ന ലക്ഷ്യത്തോടെ ഇതിനോടകം തന്നെ പല വിദേശ രാജ്യങ്ങളിലും മാതാപിതാക്കളെയും മുതിർന്ന പൗരന്മാരെയും സംരക്ഷിക്കുവാനുള്ള നിയമം നിലവിലുണ്ട്. 2007 ഡിസംബറിൽ ഇന്ത്യയിൽ നിലവിൽ വന്ന ഈ കേന്ദ്ര നിയമത്തിന് 2009 ൽ കേരളത്തിൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതാണ്. ഈ നിയമപ്രകാരം അച്ചൻ, അമ്മ, വളർത്തച്ചൻ, വളർത്തമ്മ, എന്നിവർ മാതാപിതാക്കളുടെ നിർവചനത്തിലും 60 വയസ്സ് കഴിഞ്ഞവർ മുതിർന്ന പൗരന്മാരുടെ ഗണത്തിലും മകൻ, കൊച്ചുമകൻ, കൊച്ചുമകൾ, വളർത്തുമകൻ, വളർത്തുമകൾ എന്നിവർ മക്കളുടെ ഗണത്തിലും ഉൾപ്പെടുന്നതാണ്.

ജീവനാംശം, ക്ഷേമം എന്ന് പറയുന്നത് കേവലം പണം കൊടുക്കുന്നതു മാത്രമല്ല മറിച്ച് മാതാപിതാക്കൾക്ക് അവർക്ക് ആവശ്യമായ സംരക്ഷണം, വസ്ത്രം, ചികിത്സ കൂടാതെ, താമസ സുഖ സൗകര്യങ്ങൾക്കും വിനോദത്തിനുമുള്ള സാഹചര്യങ്ങൾ നൽകുന്നതുമാണ്. മാതാപിതാക്കളുടെയോ മറ്റു മുതിർന്ന പൗരന്മാരുടെയോ സ്വത്ത് വകകൾ അവരുടെ മക്കൾക്കോ ബന്ധുക്കൾക്കോ മറ്റാർക്കെങ്കിലുമോ പ്രതിഫലം ഇല്ലാതെ സൗജന്യമായി ഇഷ്ടദാനമായി ആധാരം ചെയ്ത് കൊടുക്കുകയും വസ്തു

കൈക്കലാക്കിയതിന് ശേഷം അവരെ സംരക്ഷിക്കാതിരുന്നാൽ പ്രസ്തുത ആധാരം റദ്ദ് ചെയ്ത് കിട്ടുന്നതിനുവേണ്ടി അധികാരികളെ സമീപിക്കാവുന്നതാണ്. ബാങ്ക് ബാലൻസ് മുഴുവനും മക്കൾക്കോ ബന്ധുക്കൾക്കോ കൊടുത്തിട്ട് പുറംതള്ളപ്പെട്ടാൽ ആ തുക തിരിച്ചുപിടിക്കാൻ ഈ നിമയം നമ്മെ സഹായിക്കുന്നു.

ഈ നിയമപ്രകാരം മാതാപിതാക്കൾക്കും മുതിർന്ന പൗരന്മാർക്കും നഷ്ടപ്പെട്ട സ്വത്ത് വകകളും പണവും വീണ്ടെടുക്കാൻ ട്രൈബ്യൂണലിൽ പരാതി കൊടുക്കാവുന്നതാണ്. പരാതി നേരിട്ടോ ഏജന്റ് മുഖേനയോ ഫോർട്ട്കൊച്ചി റവന്യു ഡിവിഷണൽ ഓഫീസർക്കോ (ആർ.ഡി.ഒ.) ജില്ലയിലെ സബ്ബ് - ഡിവിഷണൽ ഓഫീസറിന്റെ അധികാരമുള്ള ഉദ്യോഗസ്ഥനോ കൊടുക്കാവുന്നതാണ്. ഇത്തരം പരാതികൾ കൈകാര്യം ചെയ്യാനുള്ള അധികാരം പോലീസിനോ സിവിൽ കോടതിക്കോ ഇല്ലാത്തതാണ്. ഒരു പരാതി ആർ.ഡി.ഒ മുമ്പാകെ ഫയൽ ചെയ്ത് കഴിഞ്ഞാൽ എതിർകക്ഷികൾക്ക് നോട്ടീസ് അയക്കുകയും നേരിട്ടോ ഏജന്റ് മുഖേനയോ ഹാജരാക്കാൻ ആവശ്യപ്പെടുകയും അവരുടെ ഭാഗം കേട്ടതിന് ശേഷം മാതാപിതാക്കൾക്ക് സംരക്ഷണം കൊടുക്കാൻ ആർ.ഡി.ഒ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. സർക്കാർ രൂപീകരിച്ചിരിക്കുന്ന ഈ ട്രൈബ്യൂണൽ മാതാപിതാക്കളെയും മുതിർന്ന പൗരന്മാരെയും സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ളതാണ്. മാതാപിതാക്കൾക്ക് അനുകൂലമായ വിധിക്കെതിരെ മക്കൾക്ക് അപ്പീൽ കൊടുക്കാൻ അധികാരമില്ലാത്തതാകുന്നു. എന്നാൽ വിധി മാതാപിതാക്കൾക്ക് എതിരായാൽ ആർ.ഡി.ഒ. മുമ്പാകെ അപേക്ഷ കൊടുക്കാവുന്നതാണ്. ചട്ടപ്രകാരം പരാതി സ്വീകരിച്ച് മൂന്ന് മാസത്തിനകം തീർപ്പാക്കണം. ആർ.ഡി.ഒ യുടെ ഉത്തരവ് പാലിക്കാൻ മക്കളും ബന്ധുക്കളും ബാദ്ധ്യസ്ഥരാണ്. ഉത്തരവ് ലംഘിച്ചാൽ അറസ്റ്റ് ചെയ്യുവാനും ഒരു മാസം വരെ തടവിന് ശിക്ഷിക്കുവാനും ആർ.ഡി.ഒക്ക് അധികാരം ഉണ്ട്. ആർ.ഡി.ഒ യുടെ ഉത്തരവ് നടപ്പാക്കുന്നുണ്ടോ എന്ന് നീരിക്ഷിക്കാൻ ജില്ലാതലത്തിൽ മെയിന്റനൻസ് ഓഫീസർമാരെ നിയമിച്ചിട്ടുള്ളതാകുന്നു.

●

"നിനക്കു ജന്മം നല്കിയ പിതാവിനെ അനുസരിക്കുക;
വൃദ്ധയായ അമ്മയെ നിന്ദിക്കരുത്"
(സുഭാ. 23:22)
"പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും.
അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും"
(പ്രഭാ. 3:9)

# അമ്മ മറിയാമ്മ

**സിൽവി ജോസ് പയ്യപ്പിള്ളി**
ഹോളി ക്രോസ് യൂണിറ്റ്



മാതാവിൻ പൊരുളാണമ്മ
ജപമാല ധാരാളം ചൊല്ലുന്നമ്മ
കുർബാന എന്നും കാണുന്നമ്മ
അമ്മ - മറിയാമ്മ

അതിരാവിലെ എഴുന്നേൽക്കുന്നൊരമ്മ
പണികളെല്ലാം ചെയ്യുന്നരമ്മ
രോഗവും ക്ഷീണവും വകവയ്ക്കാത്തൊരമ്മ
അമ്മ - മറിയാമ്മ

അഹങ്കാരമില്ലാത്തൊരമ്മ
അത്യാഗ്രഹമില്ലാത്തൊരമ്മ
അപരനെ സഹായിക്കുന്നൊരമ്മ
അമ്മ - മറിയാമ്മ

ഭക്ഷണത്തിൽ കുറ്റം പറയാത്തൊരമ്മ
ഉള്ളതിൽ തൃപ്തിയടയുന്നൊരമ്മ
ഉടയാടയിൽ തെല്ലും താല്പര്യം ഇല്ലാത്തൊരമ്മ
അമ്മ - മറിയാമ്മ

മാനിച്ചില്ലെന്നോ കിട്ടിയില്ലെന്നോ
തെല്ലും പരിഭവം പറയാത്തൊരമ്മ
സങ്കടമെല്ലാം ഉള്ളിലൊതുക്കുന്നൊരമ്മ
അമ്മ - മറിയാമ്മ

ഒന്നും നശിപ്പിക്കാത്തൊരമ്മ
ഒന്നും പാഴാക്കാത്തൊരമ്മ
കളപ്പുരയെ നിറയ്ക്കുന്നൊരമ്മ
അമ്മ - മറിയാമ്മ

ഭർത്താവിനെ കർത്താവായി കണ്ടൊരമ്മ
മക്കൾക്ക് നല്ല ശാസനയും ശിക്ഷണവും
നൽകിയൊരമ്മ
മക്കളെ അദ്ധ്വാനിക്കാൻ പഠിപ്പിച്ചൊരമ്മ
അമ്മ - മറിയാമ്മ




1. അടിമത്വത്തിൽ നിന്നും ദൈവം തന്റെ ജനതയെ മോചിപ്പിച്ചതെന്തിന് ?
2. ബൈബിളിലുടനീളം ദൈവം ആരെന്നാണ് പറഞ്ഞിരിക്കുന്നത്?
3. വി.മത്തായിയുടെ വ്യക്തിത്വത്തെപ്പറ്റി സംസാരിക്കുന്ന ഏകപിതാവ്?
4. അബദ്ദോൻ ഏതു ഭാഷയുടെ പേരാണ്?
5. പലിശയും കൊള്ളലാഭവും വഴി നേടിയ സമ്പത്ത് എവിടെയാണ് ചെന്നുചേരുന്നത്?
6. വിശുദ്ധമായ വിശുദ്ധിയോടെ ചെയ്യുന്നവൻ വിശുദ്ധരാകും, അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും. വചനമേത്?
7. അതുകൊണ്ട് "നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" വചനമേത്?
8. "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിര് നിൽക്കും?" വചനമേത്?
9. "സിംഹക്കുട്ടികൾ ഇര കിട്ടാതെ വലഞ്ഞേക്കാം ....... അന്വേഷിക്കുന്നവർക്കു ഒന്നിനും കുറവുണ്ടാകുകയില്ല."
10. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവന്റെ അടുത്തേക്ക് വരും വചനമേത്?

*ഉത്തരങ്ങൾ ലഭിക്കേണ്ട അവസാനതീയതി : **2021 നവംബർ 30.***

*ഉത്തരങ്ങൾ പാരീഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.*

## കഴിഞ്ഞ ലക്കത്തിലെ ശരി ഉത്തരങ്ങൾ

1. നോഹ, അബ്രാഹം, ജോസഫ്
2. പരിശുദ്ധാത്മാവ്
3. പെയോർ
4. കർത്താവ് മോശയോട്
5. ജ്ഞാനം, വിവേകം
6. ധ്വംസകന്റെ പുത്രൻ
7. ഡൊമേഷ്യൻ ചക്രവർത്തി
8. ഊറിയ
9. ഹോസിയ
10. സെബ്ലൂൺ നഫ്താലി

## കഴിഞ്ഞ ലക്കത്തിലെ വിജയി

1st അമൃത ഷിജു കാച്ചപ്പിള്ളി (സെന്റ് ഫ്രാൻസീസ് യൂണിറ്റ്)




# വിശ്വാസപരിശീലനം വാർത്തകൾ



## ഓൺലൈൻ ക്വിസ് മത്സര വിജയികൾ

I[st]Prize : ഡേവീഡ് സെന്നി പാറയ്ക്കൽ
II[nd]Prize : നവീൻ വർഗ്ഗീസ് മണവാളൻ
ഡോണൽ കെ.ബാബു
സ്മിത ഡേവീസ് കാട്ടേൻ
III[rd]Prize : റിവോണ റോയ് ചെന്നേക്കാടൻ

## കർമ്മല മലയിലെ കനകതാരം – പ്രസംഗ മത്സര വിജയികൾ

### ഹൈസ്കൂൾ വിഭാഗം

I[st]Prize : പാലമറ്റം ദേവസ്സിക്കുട്ടി ആൽഫ്രഡ്
II[nd]Prize : തിരുതനത്തിൽ ബിജോ അനീന റോസ്
III[rd]Prize : ചെന്നേക്കാടൻ റോയ് ഡിവോണ

### യു.പി. വിഭാഗം

I[st]Prize : കാരേക്കാട്ടിൽ ജോൺസൺ ആഗ്നസ്
II[nd]Prize : കാട്ടേൻ ഡേവീസ് എലൈജ ജേക്കബ്

### എൽ.പി. വിഭാഗം

I[st]Prize : കോളാട്ടുകുടി ഷിബിൻ അന്ന
II[nd]Prize : മൈപ്പാൻ തോമസ് ജോൺ
III[rd]Prize : പള്ളിപ്പാടൻ ഹനിൽ ഹന്ന റോസ്

### പ്രോത്സാഹന സമ്മാനങ്ങൾ

പാലങ്കര വിജു സാവിയോ
കീഴ്ത്തറ ലിപ്സൺ ലിഥിയ
പുതുവാശ്ശേരി സന്തോഷ് ആൻസേറ

## ഗ്രാന്റ് പേരന്റ്സ് ഡേ വിജയികൾ

I[st]Prize : എൽറോയ് & എറിക്ക് ജിന്റോ വടക്കുംഞ്ചേരി
II[nd]Prize : അക്ഷര ഷൈബു കരുമത്തി
III[rd]Prize : നിധിൻ വർഗ്ഗീസ് മണവാളൻ

## മരിയൻ കുടുംബ ഗാന മത്സരം 2021 ആഗസ്റ്റ് 15

Ist Prize : സന്തോഷ് പുതുവാശ്ശേരി & ഫാമിലി
IInd Prize : സാബു കൂട്ടാല & ഫാമിലി
IIIrd Prize : സന്തോഷ് തിരുതനത്തിൽ & ഫാമിലി

## വിശ്വാസപരിശീലന പരീക്ഷ

ക്ലാസ്സ് 1 മുതൽ 11 വരെയുള്ള കുട്ടികളുടെ പരീക്ഷ
ഒക്ടോബർ 3 -ാം തീയതി
രാവിലെ 10.30 മുതൽ 12.30 വരെ

ക്ലാസ്സ് 12 (ഡിപ്ലോമ രണ്ടാം വർഷം) കുട്ടികളുടെ പരീക്ഷ
ഒക്ടോബർ 24-ാം തീയതി
രാവിലെ 10.30 മുതൽ 12.30 വരെ



## ഡോക്ടറേറ്റ് കരസ്ഥമാക്കിയ വൈദീക സഹോദരങ്ങൾക്ക്

# ഇടവകയുടെ ആശംസകൾ





**ഡോ. ജോസഫ് മണവാളൻ**
ബിബ്ലിക്കൽ തിയോളജി
കാത്തലിക്ക് സർവ്വകലാശാല
പാരീസ്

**ഡോ. ഫ്രാൻസീസ് മണവാളൻ**
മാർക്കറ്റിംഗ് മാനേജ്മെന്റ്
ഡോൺബോസ്കോ സർവ്വകലാശാല
ഗുവാഹത്തി

വി. മദർ തെരേസ യൂണിറ്റ്

## *വഴിവിളക്കുകൾ*

*അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൽ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് ബെഞ്ചമിൻ ഫ്രാങ്ക്ളിൻ. അദ്ദേഹത്തിന്റെ വസതിക്ക് മുമ്പിലൂടെ ഒരു വഴിയുണ്ടായിരുന്നു. കല്ലും കുന്നും നിറഞ്ഞ ഒരു ഊടുവഴി. രാത്രികാലത്ത് അതിലൂടെ കടന്നുപോകുന്ന യാത്രക്കാർ വെളിച്ചമില്ലാതെ തപ്പിതടയുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ഒരു റാന്തൽ വിളക്ക് കത്തിച്ച് അദ്ദേഹം വീടിന്റെ മുമ്പിലുള്ള മരത്തിൽ തൂക്കിയിട്ടു, വഴിപോക്കർക്കുവേണ്ടി. അതിനുശേഷം അതിലൂടെ കടന്നുപോകുന്നവർ അദ്ദേഹത്തിനു നന്ദിപറഞ്ഞുകൊണ്ട് പോകുന്നത് അദ്ദേഹം കേട്ടു. ആ വിളക്ക് തിരിതെളിച്ച് അല്പംകൂടെ ഉയരത്തിൽ സ്ഥാപിക്കുവാൻ പ്രേരണയായി. പീന്നീട് പാതയോരത്ത് താമസിക്കുന്ന പലരും അദ്ദേഹത്തെ അനുകരിച്ചു. അതാണ് ഇന്നു കാണുന്ന വഴിവിളക്കുകളുടെ ആരംഭം.*

●



# ജപമാലാചരണം പള്ളിയിൽ



**പള്ളിയിൽ നടക്കുന്ന കൊന്ത നമസ്കാരത്തിന്**
**യൂണിറ്റുകൾക്കും സംഘടനകൾക്കുമുള്ള തീയതിയും**
**സമയവും ചുവടെ ചേർക്കുന്നു**

| ക്ര.ന | യൂണിറ്റിന്റെ പേര് | ദിവസം | സമയം | പങ്കെടുക്കുന്നവരുടെഎണ്ണം |
|---|---|---|---|---|
| 1.<br>2.<br>3.<br>4. | സെ.സേവ്യേഴ്സ്<br>ഹോളിക്രോസ്<br>അസീസ്സി<br>ഡോൺ ബോസ്കോ | 01.10.21 വെള്ളി<br>22.10.21 വെള്ളി | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 5.<br>6.<br>7.<br>8. | സെ.തെരേസ<br>സെ.റോക്കീസ്<br>ചെറുപുഷ്പം<br>സെ.ജോസഫ് | 02.10.21 ശനി<br>23.10.21 ശനി | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 9.<br>10.<br>11.<br>12. | സെ.ജെയിംസ്<br>തിരുക്കുടുംബം<br>സെ.മാർട്ടിൻ<br>സെ.ആന്റണി | 03.10.21 ഞായർ<br>24.10.21 ഞായർ | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 13.<br>14.<br>15.<br>16. | സെ.അഗസ്റ്റിൻ<br>സെ.മേരീസ്<br>സെ.പാട്രിക്<br>സെ.ക്ലെയർ | 04.10.21 തിങ്കൾ<br>25.10.21 തിങ്കൾ | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 17.<br>18.<br>19.<br>20. | സെ.അൽഫോൻസ<br>സെ. ചാവറ<br>സെ.വിൻസെന്റ് ഡി പോൾ<br>സെ.ഫ്രാൻസീസ് | 05.10.21 ചൊവ്വ<br>26.10.21 ചൊവ്വ | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 21.<br>22.<br>23.<br>24. | സാൻജോ<br>സെ.ജോൺ<br>നസ്രത്ത്<br>സെ.ജൂഡ് | 06.10.21 ബുധൻ<br>27.10.21 ബുധൻ | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാന യ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |

| ക്ര.ന | യൂണിറ്റിന്റെ പേര് | ദിവസം | സമയം | പങ്കെടുക്കുന്നവരുടെഎണ്ണം |
|---|---|---|---|---|
| 25.<br>26.<br>27.<br>28. | സെ.പീറ്റർ<br>സെ. തോമസ്<br>ആവേ മരിയ<br>വിമല | 07.10.21<br>വ്യാഴം<br>28.10.21<br>വ്യാഴം | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാനയ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 29.<br>30.<br>31.<br>32. | ഫാത്തിമ മാതാ<br>വി.മദർ തെരേസ<br>സെ.ജോർജ്ജ്<br>സെ.പോൾ | 08.10.21<br>വെള്ളി<br>29.10.21<br>വെള്ളി | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാനയ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം |
| 33.<br>34.<br>35.<br>36. | സെ.സെബാസ്റ്റ്യൻ<br>മേരി മാതാ<br>തിരുഹൃദയം<br>കുടുംബയൂണിറ്റ്<br>കേന്ദ്ര കമ്മിറ്റിഅംഗങ്ങൾ | 09.10.21<br>ശനി<br>30.10.21<br>ശനി | 5.30 am.<br>6.30 am.<br>5.30 pm. | ഓരോ വി.കുർബാനയ്ക്കും യൂണിറ്റിൽ നിന്നും രാവിലെയും വൈകുന്നേരവും 10 പേർ വീതം കേന്ദ്രകമ്മിറ്റി അംഗങ്ങൾ രാവിലെ 10 പേരും വൈകിട്ട് 10 പേരും |
| 37 | പാരീഷ് കൗൺസിൽ അംഗങ്ങൾ,<br>മതബോധന വിഭാഗം<br>സി.എൽ.സി.,<br>എ.കെ.സി.സി.,<br>കെ.സി.വൈ.എം.,<br>മൂന്നാം സഭ,<br>പ്രാർഥന ഗ്രൂപ്പ്,<br>ഗ്രേയ്സ് റിപ്പിൾസ്,<br>വിൻസെന്റ് ഡി പോൾ,<br>മാതൃസംഘം,<br>ദർശന സമൂഹം,<br>മദ്യവിരുദ്ധ സമിതി | 10.10.21<br>ഞായർ<br>31.10.21<br>ഞായർ | 5.30 am.<br>6.30 am.<br>5.30 pm | പ്രതിനിധികളായി ആകെ 40 പേർക്ക് ഓരോ വി.കുർബാനയ്ക്കും പങ്കെടുക്കാവുന്നതാണ് |

*NB: എല്ലാം സർക്കാരിന്റെയും സഭയുടെയും നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും*

## ജപമാല

- “പിശാചിന് ആട്ടിപ്പായിക്കുവാനും ഒരുവനെ പാപത്തിൽ നിന്നകറ്റി നിറുത്തുവാനും തക്ക ശക്തമായ ആയുധമാണ് ജപമാല. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിലും, കുടുംബത്തിലും, രാജ്യത്തിലും സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ എല്ലാ സായാഹ്നത്തിലും ഒരുമിച്ച് ചേർന്ന് ജപമാല ചൊല്ലുവിൻ. ജപമാല ചൊല്ലാതെ ഒരു ദിവസവും കടന്നുപോകുവാൻ അനുവദിക്കരുത, ജോലിഭാരത്താൽ എത്രമാത്രം ക്ഷീണിതനാണെങ്കിൽ പോലും.” *(പീയൂസ് പതിനൊന്നാമൻ മാർപാപ്പ)*
- “എല്ലാ സന്ധ്യാ സമയങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബം എത്ര മനോഹരമായ കുടുംബമാണ്”*(വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ)*
- “യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണതയുടെ വിദ്യാലയമാണ് ജപമാല പ്രാർത്ഥന” *(വി.ജോൺ 23-ാമൻ മാർപാപ്പ)*
- “ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനാരീതിയും നിത്യജീവൻ നേടുന്നതിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗവുമാണ് ജപമാല. നമ്മുടെ എല്ലാ തിന്മകൾക്കുമുള്ള ഒരു പരിഹാരമാണിത്. ഒപ്പം എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടവും” *(ലിയോ പതിമൂന്നാമൻ മാർപാപ്പ)*




1. വടാശേരി ഷെറിൻ & പാലാട്ടി ബ്ലെസി
2. വാരാണത്ത് മത്തായി & കണ്ണേൻ അനു
3. പുന്നോലിക്കുന്നേൽ പ്രവീൺ & വടക്കേപ്പുറത്താൻ ഗ്രേയ്സ്
4. വട്ടപ്പറമ്പൻ റോണി & പാലാട്ടി നാൻസി
5. വല്ലൂരാൻ ജോൺസ് & അയ്രുക്കുഴിയിൽ അന്നു
6. പാലാട്ടി നിക്സൺ & പാണംകുടി മരിയ
7. തോട്ടക്കര എബി & കൂടലി നീന
8. മൂക്കത്ത് ഡോൺ & തറയിൽ അലീന




1. അവോക്കാരൻ ലിബിൻ ആന്റണി (ജോഷ്വ)
2. കൂനത്താൻ ബൈജു തെരേസ (ഐറിൻ)
3. കൂനത്താൻ ബൈജു വർഗ്ഗീസ് (ഐവിൻ)
4. വടക്കേപ്പുറത്താൻ അഗസ്റ്റിൻ പോൾ ജോൺ(അൻവിൻ)
5. കിലുക്കൻ ബിബിൻ സേറ മറിയം(സേറ മറിയം)
6. മംഗലി മാത്യു ജോയി അന്ന (അന്ന മാത്യു)
7. അയ്നിക്കൽ ജോസൺ മാർഗരറ്റ് (മിഷേൽ)




1. മഴുവഞ്ചേരി അഗസ്റ്റിൻ ആന്റോ
2. കീഴ്ത്തറ പൗലോ ഔസേഫ്
3. തിരുതനത്തിൽ ഔസേഫ് കുര്യാക്കോസ്
4. മൂഞ്ഞേലി കണ്ടമംഗലത്താൽ കുര്യൻ വർഗ്ഗീസ്
5. മാടൻ വർക്കി മത്തായി
6. പെരിയപ്പാടൻ തോമസ് മറിയം
7. പൈനാടത്ത് ജോസഫ് മേരി
8. തിരുതനത്തി ആന്റു(സാജൻ) ലിസി
9. പറമ്പി ഡൊമിനി ജോസഫ്
10. മേലേപ്പുറം വർഗ്ഗീസ് ലിസി
11. പയ്യപ്പിള്ളി ഔസേഫ് ഡേവീസ്
12. പള്ളിക്ക പൗലോസ് തേസ്യാ
13. ഏനായി മാത്യു പൗലോസ്
14. ഔപ്പാടൻ പാപ്പു റോസ
15. കാച്ചപ്പിള്ളി മാടൻ വറീത് അന്നംക്കുട്ടി
16. പയ്യപ്പിള്ളി പാപ്പു മാത്തിരി
17. മറ്റത്തി പൈലി യോഹന്നാൻ
18. തിരുതനത്തി ജോസ് സുമേഷ്

# നിറം കൊടുക്കൂ... സമ്മാനം നേടൂ...



**പേരും വീട്ടുപേരും** ..........................................................................

..........................................................................................

**വയസ്സ്**....................**പിതാവിന്റെ പേര്** .................................................

**കുടുംബയൂണിറ്റ്**.................................................. **ഫോൺ** .........................................

*നിബന്ധനകൾ : പ്രായ പരിധി 12 വയസ്സിന് താഴെയുള്ളവർക്ക്. കളർ കൊടുത്ത് നവംബർ 20 നു മുമ്പായി പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. നല്ല ചിത്രങ്ങൾക്ക് സമ്മാനം*

## കഴിഞ്ഞലക്കം നിറംകൊടുക്കുക – വിജയി

**ടാനിയ ജോസ് കല്ലറയ്ക്കൽ (സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്)**